# ജി യു പി എസ്
# തില്ലങ്കേരി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26



# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ: യു.പി. സ്കൂൾ തില്ലങ്കേരി

വിലാസം : ഗവ: യു.പി. സ്കൂൾ തില്ലങ്കേരി,
പി.ഒ. തില്ലങ്കേരി
പിൻ : 670 702

ഫോൺ :

സ്കൂൾ കോഡ് : 14857

വിദ്യാഭ്യാസ ഉപജില്ല : ഇരിട്ടി

വിദ്യാഭ്യാസ ജില്ല : തലശ്ശേരി

ബി. ആർ. സി : ഇരിട്ടി

ഗ്രാമ പഞ്ചായത്ത് : തില്ലങ്കേരി

ബ്ലോക്ക് പഞ്ചായത്ത് : ഇരിട്ടി

ജില്ലാ പഞ്ചായത്ത് : കണ്ണൂർ

നിയമ സഭാ മണ്ഡലം : മട്ടന്നൂർ

താലൂക്ക് : ഇരിട്ടി

വില്ലേജ് : തില്ലങ്കേരി

ഇ-മെയിൽ :

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പരിപാടികളും, പദ്ധതികളും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഗവ: യു.പി. സ്കൂൾ തില്ലങ്കേരി. വിദ്യാലയ മികവിന് കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിരിക്കുന്നത്.

## സ്കൂളിനെ കുറിച്ച്...

1925-ൽ മണലാടി താഴെയിൽ എന്ന സ്ഥലത്ത് ശ്രീ പടുവിലാൻ കൃഷ്ണൻ നമ്പ്യാർ മുൻ കൈയെടുത്ത് നിലത്തെഴുത്ത് പാഠശാലയായാണ് ഗവ:യു.പി. സ്കൂൾ തില്ലങ്കേരിയെന്ന ഈ വിദ്യാലയം ആരംഭിച്ചത്. പിന്നീട് 1955-ൽ ശ്രീ. സി.കെ. നാരായണൻ നമ്പ്യാരുടെ നേതൃത്വത്തിൽ വാഴക്കാൽ എന്ന സ്ഥലത്ത് നാട്ടുകാരുടെ സഹായത്തോടെ വിദ്യാലയമായി പുന:സ്ഥാപിച്ചു. 1957-ൽ കേരള സർക്കാർ നടത്തിയ വിദ്യാഭ്യാസ പരിഷ്ക്കരണത്തിന്റെ ഭാഗമായി 'ഗവൺമെന്റ് യു.പി. സ്കൂൾ തില്ലങ്കേരി' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. തില്ലങ്കേരി ഗ്രാമ പഞ്ചായത്ത്, രാഷ്ട്രീയ സാമൂഹ്യ സംഘടനകൾ, വ്യക്തികൾ, പി.ടി.എ, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്, അധ്യാപകർ, നാട്ടുകാർ, എന്നിവരുടെ നിരന്തര പരിശ്രമ ഫലമായി കണ്ണൂർ ജില്ലാ പഞ്ചായത്ത് ഈ വിദ്യാലയവും 67 സെന്റ് സ്ഥലവും ഉടമയ്ക്ക് വില നൽകി ഏറ്റെടുത്തു. 2004 മുതൽ 2008 വരെയുള്ള കാലഘട്ടത്തിൽ എസ്.എസ്.എ. അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 8 ക്ലാസ് റൂമുകളും ഓഫീസ് റൂമും നിർമ്മിക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി. ഗ്രൗണ്ട് നിർമ്മിക്കുകയും ചുറ്റുമതിൽ, ഗെയിറ്റ് എന്നിവ നിർമ്മിച്ച് സുരക്ഷിതമാക്കുകയും ചെയ്തു. 2018-19 അധ്യയന വർഷത്തിൽ എസ്.എസ്.എ. അനുവദിച്ച ക്ലാസ് റൂമും സ്കൂളിന്റെ സൗകര്യം വർധിപ്പിക്കുന്നതിനിടയായി.

2018-19 വർഷം എസ്.എസ്.കെ. യുടെയും തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നിർമ്മിച്ച ക്ലാസ് റൂമിന്റെ ഉദ്ഘാടനം നടന്നു. അതുപോലെ തന്നെ

2020-21 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച ഒരു കോടി രൂപയുടെ എട്ട് ക്ലാസ്മുറികൾ അടങ്ങിയ ഇരുനില കെട്ടിടം 2023 ഏപ്രിൽ മാസം ഉദ്ഘാടനം നടന്നു. ഭൗതിക മേഖലയിലും അക്കാദമിക മേഖലയിലും നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ച നമ്മുടെ സ്കൂളിന് പി.ടി.എ.യുടെ നിരന്തര ഇടപെടലുകളുടെ ഭാഗമായി സ്കൂളിനോട് ചേർന്നു കിടന്ന 25 സെന്റ് സ്ഥലം കളിസ്ഥലമായി ലഭിച്ചു.

100-ാം വർഷത്തിലെത്തി നിൽക്കുന്ന ഗവൺമെന്റ് യു.പി. സ്കൂൾ തില്ലങ്കേരി, അക്കാദമിക-ഭൗതിക മേഖലകളിൽ മികവിന്റെ പൊൻതിളക്കത്തിലാണ്.

# പൊതു ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം യു.പി. വിഭാഗത്തിലും മലയാളം, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകൾ എൽ.പി. വിഭാഗത്തിലും എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പു വരുത്തുന്നു.

'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻ നിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനം ലഭ്യമാക്കുന്നതാണ്.

സയൻസ്, ഗണിതം, ഐ.ടി. ലാബുകൾ മികച്ച രീതിയിൽ ഉപയോഗിക്കും.

വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

ആധുനിക വിദ്യാ സാധ്യതകൾ (സാങ്കേതിക വിദ്യ) കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തും.

കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കും.

സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം, തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

# പൊതു ലക്ഷ്യങ്ങൾ

## അക്കാദമികം

* സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി സ്കൂളിന് ക്രിയേറ്റീവ് കോർണർ ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ നൈപുണികൾ വികസിപ്പിക്കുക എന്നതാണ് ഉദ്ദേശ്യം. ഓരോ മാസവും വിദഗ്ദ്ധർ നയിക്കുന്ന ശില്പശാലകൾ ക്രിയേറ്റീവ് കോർണറുമായി ബന്ധപ്പെട്ട് നടപ്പിലാക്കും. അപ്പർ പ്രൈമറി ക്ലാസുകളിൽ വിവിധ വിഷയങ്ങളിലെ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ക്രിയേറ്റീവ് കോർണറുമായി ബന്ധപ്പെടുത്തി നടപ്പിലാക്കും.

* സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളിൽ ശ്രദ്ധ/റെമഡിയൽ കോച്ചിംഗ് നടപ്പിലാക്കും. ഓരോ കുട്ടിക്കും പഠിച്ച് മുന്നേറാനുള്ള സാഹചര്യം ക്ലാസ് മുറിയിൽ ഒരുക്കും. സവിശേഷ പരിഗണന, നിരന്തര വിലയിരുത്തൽ, ഉന്നതമായ പിന്തുണ, ലളിതവൽക്കരിച്ചുള്ള പ്രവർത്തനങ്ങൾ കൂടാതെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള എല്ലാ മാർഗങ്ങളും ശ്രദ്ധ/ റെമഡിയൽ പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

* 2025-26 അക്കാദമിക വർഷത്തിൽ ഇൻലന്റ് മാസിക എന്ന പുതിയ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ വർഷത്തെ മികവ് പ്രവർത്തനമാണ് ഇൻലന്റ് മാസിക. ഇതിന്റെ ഭാഗമായി എല്ലാ മാസവും കുട്ടികളുടെ മികച്ച സർഗാത്മക സൃഷ്ടികൾ ഉൾപ്പെടുത്തി ഇൻലന്റ് മാസിക പുറത്തിറക്കും. ഇതിൽ കുട്ടികളുടെ ഫോട്ടോ ഉൾപ്പെടുത്താനും ഓരോ മാസവും നടക്കുന്ന വിവിധ മത്സരങ്ങളുടെ വിജയികളുടെ വിവരങ്ങൾ കൂടി രേഖപ്പെടുത്താൻ തീരുമാനിച്ചു. കൂടാതെ ഇതിന്റെ കോപ്പികൾ കുട്ടികൾക്ക് വിതരണം ചെയ്യും.

* ദിനാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ മാസവും ഒരു പതിപ്പ് തയ്യാറാക്കും. അതായത് ജൂൺ മാസം ലഹരിപതിപ്പ്, ജൂലൈ മാസം ചാന്ദ്രദിനപതിപ്പ് എന്നിങ്ങനെ മാർച്ച് മാസം വരെ ഉള്ള പതിപ്പ് തയ്യാറാക്കും.

* ഉന്നതിയിലുൾപ്പെട്ട കുട്ടികളുടെ ഗൃഹസന്ദർശനം നടത്തും.

* എല്ലാ മാസവും കുട്ടികൾക്കും രക്ഷിതാക്കൾക്കും മെഗാക്വിസ് നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യും.

* സ്കൂളിലെ ക്വിസ്സ് വരിക്കാരായ കുട്ടികൾക്ക് മൂന്ന് മാസത്തിലൊരിക്കൽ ക്വിസ്സുകൾ നടത്തുകയും വിജയികൾക്ക് സമ്മാനദാനവും നടത്തും.

* ഓരോ മാസവും കുട്ടികൾക്ക് പഠനക്യാമ്പ് നടത്തും.

* കാർഷിക നഴ്സറിയിലേക്ക് ഫീൽഡ്ട്രിപ്പ് നടത്തും.

* സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക.

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം യു.പി വിഭാഗത്തിലും മലയാളം, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകൾ എൽ.പി വിഭാഗത്തിലും എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുന്നു.

* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുന്നതാണ്.

* വായന ഒരു സംസ്കാരമായി രൂപപ്പെടുന്നതിന് വശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

## ഭൗതികം- ലക്ഷ്യങ്ങൾ

"പ്രീ പ്രൈമറി വിഭാഗത്തിന് വർണ കൂടാരം പദ്ധതി കഴിഞ്ഞവർഷം ആരംഭിച്ചതാണ് ഏതാണ്ട് മുക്കാൽ ഭാഗത്തോളം പണി പൂർത്തിയായിട്ടുണ്ട്. ഇനിയുള്ള പ്രവർത്തനങ്ങളും എത്രയും പെട്ടെന്ന് പൂർത്തിയാക്കി ഒക്ടോബർ മാസം തന്നെ ഉദ്ഘാടനം നടത്തി കുട്ടികൾക്ക് ഉപയോഗിക്കാൻ സജ്ജമാക്കുന്നതാണ്

*എസ് എസ് കെയുടെ ഭാഗമായുള്ള രണ്ട് ക്ലാസ്സ് മുറികളുടെ നിർമ്മാണം കഴിഞ്ഞ അക്കാദമിക വർഷം തുടങ്ങിയതാണെങ്കിലും പദ്ധതി പൂർത്തിയായിട്ടില്ല. അതിന്റെ ഉദ്ഘാടനവും ഡിസംബർ മാസത്തോടുകൂടി നടത്തി ഉപയോഗിക്കുന്നതാണ്

*കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിന്റെ സഹായത്തോടുകൂടി സ്കൂൾ മുറ്റത്ത് പകുതിഭാഗം ഇന്റർലോക്ക് നിർമ്മാണം നടന്നു. ഈ അക്കാദമിക വർഷം ബാക്കി ഭാഗത്ത് കൂടി ഇന്റർലോക്ക് ചെയ്യുന്നതാണ്.

മേഖല: അക്കാദമികം
ഉപമേഖല: ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * വായന ശേഷി വളർത്തൽ | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു.<br>* ക്ലാസ് ലൈബ്രറി ഒരുക്കുന്നു.<br>* പുസ്തക പരിചയം<br>* വായനാ കുറിപ്പ്<br>* ആസ്വാദനക്കുറിപ്പ്<br>* പുസ്തക സംവാദം | ജൂൺ-മാർച്ച് | അധ്യാപകർ | പി.ടി.എ |
| * രചനാ പരിചയക്കുറിപ്പ് - തയ്യാറാക്കൽ | * ക്ലാസ് ലൈബ്രറി<br>* ബാല സാഹിത്യ കൃതികൾ പരിചയപ്പെടുന്നു വായിക്കുന്നു.<br>* വായനാനുഭവം പങ്കുവയ്ക്കുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *സാഹിത്യ പ്രതിഭകളെ - അടുത്തറിയൽ | * സാഹിത്യകാരന്മാരുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നു.<br>*പുസ്തക ശേഖരണവും പ്രദർശനവും<br>* ഓർമ്മദിനങ്ങൾ ആചരിക്കുന്നു.<br>*എഴുത്തുകാരുമായി സംവദിക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| * ലേഖന ശേഷി മെച്ചപ്പെടുത്തൽ | * ക്ലാസ് എഴുത്ത് കൂട്ടം രൂപീകരിക്കുന്നു.<br>* വിവിധ വ്യവഹാര രൂപങ്ങൾ - പരിചയപ്പെടുന്നു.<br>* രചനകൾ തയ്യാറാക്കുന്നു.<br>*ഭാഷാ മാസിക, പതിപ്പ് എന്നിവ തയ്യാറാക്കുന്നു.<br>* സർഗാത്മക ഡയറി തയ്യാറാക്കുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | *പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക്.<br>*വിവിധ കലാരൂപങ്ങളുടെ ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നു.<br>*കലാകാരന്മാരുമായി അഭിമുഖം<br>*പതിപ്പ് തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ പി.ടി.എ | പി.ടി.എ |
| | | | | |

Academic master plan

Subject: English

| Objectives | Activities | Time period | Responsibility | Finance |
|---|---|---|---|---|
| * Providing ample opportunities to listen to the English language | * Display cartoons<br>*Children's Film exhibition<br>*Story time (Narrating - Short English stories to kids) | June - March | Teachers | Parents Teachers Association |
| * Encouraging creativity in English | * English theatre<br>* Presenting text book - contents as the Form of discourses. | June - March | Teachers | PTA |

| Objectives | Activities | Time Period | Responsibility | Finance |
|---|---|---|---|---|
| * Providing opportunities to speak English confidently. | *English Assembly<br>* Create English club<br>* English Day<br>* English Fest<br>* Interview with proficient English speakers. | June - March | Teachers | PTA |
| * Reading English with comprehension and fluency. | * Setting up the class library.<br>* Conduct English news reading competition.<br>* Conduct reading camps<br>* English corner<br>* Read children's literature in English | June - March | Teachers | PTA |

| Objectives | Activities | Time Period | Responsibility | Finance |
|---|---|---|---|---|
| * Able to write English with out mistakes. | * Writing daily activities doing at home and school in simple Sentences.<br>* Developing an English Diary. | June - March | Teachers | PTA |
| * Able to write in appropriate discourse. | * Familiarizing many discourse Forms.<br>* Observing the model of different discourses.<br>* Expressing ideas through different discourse Forms.<br>* Prepare Magazine | June - March | Teachers | PTA |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഗണിത പഠനം രസ്യ - കരമാക്കൽ<br>* ചതുഷ്ക്രിയകൾ ലളി തമാക്കൽ. | * ഗണിതവുമായി ബന്ധപ്പെട്ട വിവിധ കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| * ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - കരചല നശേഷി വികാസം. | * ഒറിഗാമിയിലൂടെ പഠി - ക്കാം.<br>* ഒറിഗാമി പഠനക്യാമ്പ്<br>* ഒറിഗാമി രൂപങ്ങളു - ടെ നിർമ്മാണം<br>* പ്രദർശനം. | ആഗസ്റ്റ് | അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ഗണിത പഠനം സുതാര്യമാക്കൽ | *ഗണിത ലാബ്<br>*ഗണിത മൂല<br>*ഗണിതപ്പെട്ടി<br>എന്നിവ ഒരുക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| *ഗണിത രൂപങ്ങളുടെ - പ്രായോഗിക മൂല്യം തിരിച്ചറിയൽ | *വിവിധ ഗണിതരൂപങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഗണിത ചുമർ ഒരുക്കുന്നു.<br>*ഗണിത ചുമർ പഠനത്തിന് പ്രയോജനപ്പെടുത്തു - ന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| *ഗണിത ശേഷികളുടെ പ്രകടനം | *ഗണിത പഠനോപകരണ ശില്പശാല<br>*പഠനോപകരണങ്ങളുടെ നിർമ്മാണം<br>*പ്രദർശനം. | ഒക്ടോബർ മാർച്ച് | അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | *ഗണിത മേള<br>*പ്രശ്നോത്തരി<br>*പസിൽ<br>*പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | |
| *പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻമാരെ തിരിച്ചറിയൽ | *പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻമാരുടെ ഡോക്യുമെന്ററി പ്രദർശനം<br>*ഗണിത ദിനാചരണം. | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| | | | | |

മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | * ശാസ്ത്രയാത്ര<br>* വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| * ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | * ശാസ്ത്രമൂല<br>* ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>* പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ശാസ്ത്രപഠനം രസകരമാക്കൽ | *ശാസ്ത്ര വിസ്മയ ചുമർ<br>*ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| *പ്രകൃതിയെ അടുത്തറിയൽ ആസ്വദിക്കൽ | * പ്രകൃതി നടത്തം<br>* ഫീൽഡ് ട്രിപ്പ്<br>*പുഷ്പോദ്യാനം, ഔഷധ തോട്ടം തുടങ്ങിയവ സന്ദർശിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |
| *ശുചിത്വ ബോധം വളർത്തൽ | *ആശുപത്രി സന്ദർശനം<br>* ഹരിത കർമ്മസേനയുമായി - അഭിമുഖം<br>*ഡ്രൈ ഡേ<br>* പോസ്റ്റർ രചന | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *നാടിനെ അറിയൽ, നാട്ടറിവുകൾ ശേഖരിക്കൽ | * കൃഷിയിടങ്ങൾ, കൃഷി ഓഫീസ് എന്നിവ സന്ദർശിക്കുന്നു.<br>* കർഷകരുമായി അഭിമുഖം. | സെപ്റ്റംബർ | അധ്യാപകർ | പി.ടി.എ |
| *ഭൂപട വായന, ഭൂപട രചന, സൂചിക പരിചയപ്പെടൽ, സൂചിക നിർമ്മാണം. | *ഭൂപടമൊരുക്കാം<br>*കേരളം - ഇന്ത്യ ഭൂപട വായന | ജനുവരി | അധ്യാപകർ | പി.ടി.എ |
| *ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗിക്കൽ | *ശാസ്ത്രോത്സവം<br>* ശാസ്ത്ര മാസിക, ആൽബം, പഠനോപകരണം, പരീക്ഷണങ്ങൾ എന്നിവയുടെ പ്രദർശനം<br>* ശാസ്ത്ര പതിപ്പ് തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | പി.ടി.എ |

യു.പി സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | അക്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2 പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ | ,, |
| 3 ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്ത് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ജൂൺ | ,, |

| | | | |
|---|---|---|---|
| 6 വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ഇതിനാൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | " |
| 7 സുസ്ഥിര വികസനകാഴ്ചപ്പാട് രൂപീകരിക്കുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമാകുന്ന കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയാറാക്കുന്നു. | അക്കാദമിക വർഷം. | " |
| 8 സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ കുട്ടികളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തിയാക്കും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നതിനും, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെഴുതുന്ന രീതിയിലുള്ള ചോദ്യോത്തര ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | " |

# അക്കാദമിക മാസ്റ്റർപ്ലാൻ
## അടിസ്ഥാന ശാസ്ത്രം

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | ഫീൽഡ് ട്രിപ്പ് - കണ്ടറിയാനൊരു യാത്ര | • കാർഷിക നഴ്സറി / ഫാം / കൃഷിഭവൻ സന്ദർശനം<br>• കാവുകൾ സന്ദർശനം<br>• പുഴയെ അറിയാൻ യാത്രകൾ<br>• ഡാം സന്ദർശനം | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൂലൈ, ഓഗസ്റ്റ് | ശാസ്ത്ര ക്ലബ് | 1000/- | HM |
| 2 | നിർമ്മാണം - കൃഷിയിലൂടെ | • ജൈവവൈവിധ്യ ഉദ്യാനം<br>• പച്ചക്കറിത്തോട്ടം<br>• ജൈവ കീടനാശിനി | പ്രകൃതി സൗഹൃദ പഠനാന്തരീക്ഷത്തിലൂടെ കൃഷിയുടെ പ്രാധാന്യം മനസിലാക്കാൻ. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്, പി.ടി.എ | 2000/- | HM |
| 3 | ആരോഗ്യ സംരക്ഷണം | • ഭക്ഷ്യമേള<br>• ആരോഗ്യ ക്ലാസുകൾ | പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്. | ജൂൺ, ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ | - | HM |

| ക്രമ നം. | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| | ശില്പശാല | • എമർജൻസി ലാമ്പ് നിർമ്മാണം.<br>• സിമ്പിൾ സർക്യൂട്ട് നിർമ്മാണം.<br>• എൽ.ഇ.ഡി ബൾബ് നിർമ്മാണം.<br>• സോപ്പ് നിർമ്മാണം.<br>• കാന്തം ഉപയോഗിച്ചുള്ള കളിപ്പാട്ട നിർമ്മാണം. | സ്വയം തൊഴിൽ പരിശീലനം. | ജൂലൈ, ഓഗസ്റ്റ്, സെപ്തംബർ | ശാസ്ത്ര ക്ലബ്, കോർഡിനേറ്റർ | 1000/- | ശാസ്ത്ര അധ്യാപകർ. |
| | പ്രദർശനം | • പ്രകൃതിദത്ത സൂചകം - പ്രദർശനം.<br>• ശാസ്ത്രജ്ഞരുടെ ഉദ്ധരണികൾ - ചാർട്ട്.<br>• അസ്ഥികൂടം/മോഡൽ പ്രദർശനം.<br>• വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ് | 100/- | ശാസ്ത്ര അധ്യാപകർ |

| ക്രമ നം. | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| | പ്രോജക്ട് | വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ശാസ്ത്ര പ്രതിഭാ ശേഷി വികസിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | 100/- | ശാസ്ത്ര അധ്യാപകർ |
| | മുഖാമുഖം | • ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി ന്യൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• പകർച്ചവ്യാധികളെ കുറിച്ച് ആരോഗ്യവിദഗ്ധനുമായി അഭിമുഖം. | ശാസ്ത്രപ്രതിഭാ ശേഷി വികസിപ്പിക്കുക. | ഒരു മാസം | ശാസ്ത്ര അധ്യാപകർ | 50/- | ശാസ്ത്ര അധ്യാപകർ |

| ക്രമ നം. | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| | വിസ്മയ യാത്ര | ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | 100/- | ശാസ്ത്ര അധ്യാപകർ. |
| | യുറേക്കാ | കുട്ടികളിൽ ശാസ്ത്രബോധം വർധിപ്പിക്കുന്നതിനായി ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി | ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക. | അക്കാദമിക വർഷം | V, VI, VII ക്ലാസുകാർ. | 500/- | ശാസ്ത്ര അധ്യാപകർ |
| | ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | 50/- | HM |

മേഖല: അക്കാദമികം
ഉപ മേഖല: ഹിന്ദി ഭാഷ
ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലനിർണ്ണയം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 5, 6, 7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കാൻ CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകുന്ന ഭാഷാ പോഷക പ്രവർത്തനങ്ങൾ. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജുകൾ തയ്യാറാക്കുന്നു. | ജൂൺ രണ്ടാം വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയെയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| 4. | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ [illegible] പല | ആഴ്ചയിൽ ഒരു പ്രാവശ്യം | 5, 6, 7 | ഹിന്ദി അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | | | | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കും. | ആഴ്ച-യിൽ ഒരു പ്രാവശ്യം | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5, 6, 7 | ഹിന്ദി അധ്യാപകർ. | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ | |

സംസ്കൃതം – STD V, VI, VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *പ്രീടെസ്റ്റ് നടത്തി പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുക. കുട്ടികൾക്ക് ആവശ്യമായ പിന്തുണ ക്ലാസ്സുകൾ രാവിലെയും വൈകുന്നേരവുമുള്ള സമയത്ത് ( 9:15 മുതൽ 9:50 വരെ, 3:30 മുതൽ 4 മണി വരെ) നൽകുക. | ജൂൺ മുതൽ മാർച്ച് വരെ | | അദ്ധ്യാപകൻ |
| | * അഞ്ചാം തരത്തിൽ സംസ്കൃതത്തിന് ചേർന്നിട്ടുള്ള മറ്റു സ്കൂളുകളിൽ നിന്നും വന്നിട്ടുള്ള, സംസ്കൃതം പഠിക്കാത്ത കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം. | ജൂൺ, ജൂലൈ ഓഗസ്റ്റ്. | | |
| വായന പോഷിപ്പിക്കൽ | രസന പോലുള്ള സംസ്കൃതം മാസികകൾ വായിപ്പിക്കൽ, ചെറുകഥകൾ വായിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ. | | |
| വ്യാകരണ പഠനം | സ്കോളർഷിപ്പ് പരീക്ഷകൾ നേടുന്നതിനും ഭാഷാശേഷികൾ വർധിപ്പിക്കുന്നതിനും വ്യാകരണപഠനം ആവശ്യമാണ്. | | | |